# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4637** **25.06.2019-ൽ മറുപടിയ്ക്ക്**

## ഓഖി ദുരന്ത പുനർനിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| --- | --- |
| എ) ഓഖി ദുരന്ത പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര വീടുകൾ ഇതുവരെ നിർമ്മിച്ചു നല്കിയിട്ടുണ്ട്;ആയതിന്റെ ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ; | എ) തിരുവനന്തപുരം (26), കൊല്ലം (4), എറണാകുളം (9), തൃശൂർ (26), മലപ്പുറം (5), കാസർഗോഡ് (2) എന്നിങ്ങനെ 72 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വീടുകൾ ഓഖി ദുരന്തത്തിൽ പൂർണ്ണമായും നഷ്ടപ്പെട്ടിരുന്നു.<br>കൊല്ലം, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലെ ഗുണഭോക്താക്കളിൽ മാറി താമസിക്കുവാൻ സന്നദ്ധരായ 24 ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിന് ആകെ 2,41,02,000/- രൂപ ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 14 പേർക്ക് മുൻ പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. |
| ബി) തീരദേശത്തെ ജനങ്ങളുടെ പുനരധിവാസം സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | ബി) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ദീർഘകാല അടിസ്ഥാനത്തിലുള്ള പദ്ധതികളാണ് ഫിഷറീസ് വകുപ്പ് നടപ്പാക്കുന്നത്. വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം (എ)

ഓഖി ദുരന്ത പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മിച്ച് നൽകിയ വീടുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ല :-

വീട് പൂർണ്ണമായും നഷ്ടപ്പെട്ട 26 മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ വലിയതുറ മത്സ്യഗ്രാമത്തിലുള്ള 5 പേർക്ക് മുട്ടത്തറയിൽ നിർമ്മിച്ചിട്ടുള്ള ഫ്ളാറ്റ് നൽകിയിട്ടുണ്ട്. ബാക്കി 21 പേരിൽ ഒരാൾക്ക് വീട് നവീകരണത്തിനുള്ള ധനസഹായം മതിയെന്നും 20 പേർക്ക് ഫ്ളാറ്റ് നിർമ്മിച്ച് നൽകിയാൽ മതിയെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്.

കൊല്ലം ജില്ല :-

കൊല്ലം ജില്ലയിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 4 ഗുണഭോക്താക്കളിൽ ഒരാൾ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. മറ്റു 3 പേർ സ്ഥലം മാറി താമസിക്കുവാൻ താല്പര്യമില്ലെന്ന് അറിയിച്ചിരിക്കുന്നു.

എറണാകുളം ജില്ല :-

വീട് പൂർണ്ണമായും നഷ്ടപ്പെട്ട 9 മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 4 പേർക്ക് തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചു വരുന്നു. ബാക്കിയുള്ള 5 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ നിലവിലുള്ള വാസസ്ഥലം വിട്ട്പോകുന്നതിന് സന്നദ്ധരല്ല എന്ന് അറിയിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ല :-

വീടുകൾ പൂർണ്ണമായും തകർന്ന 26 മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 5 പേർ വകുപ്പിന്റെ പുനരധിവാസ പദ്ധതി പ്രകാരം സ്ഥലം വാങ്ങി വീട് വയ്ക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഭവന നിർമ്മാണം പുരോഗമിക്കുന്നു. ഒരാൾ സ്വന്തമായിട്ടുള്ള സ്ഥലത്ത് ഭവന നിർമ്മാണം പൂർത്തീകരിച്ചു. ബാക്കിയുള്ള 20 പേരിൽ 12 പേർ കണ്ടെത്തിയ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 5 പേർ സ്ഥലം കണ്ടെത്തി രജിസ്ട്രേഷൻ നടപടി പൂർത്തീകരിച്ചുവരുന്നു. ബാക്കി ഒരാൾ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 2 പേർ ധനസഹായം ആവശ്യമില്ലെന്ന് അറിയിച്ചിട്ടുണ്ട്.

മലപ്പുറം ജില്ല :-

വീട് പൂർണ്ണമായും നഷ്ടപ്പെട്ട 5 കുടുംബങ്ങളിൽ ഒരാൾ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവനിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഒരാൾ സ്ഥലം ക ണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 3 പേർ സ്ഥലം മാറി താമസിക്കുവാൻ താൽപര്യമില്ലെന്ന് അറിയിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ല :-

വീട് പൂർണ്ണമായും നഷ്ടപ്പെട്ട 2 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ

## അനുബന്ധം (ബി)

1) കടൽ ക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന 25 കോടിയുടെ ഒരു പ്രത്യേക പാക്കേജ് (2016-17) വർഷം ആരംഭിച്ച് നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം ആകെ 127 പേർ സ്ഥലം വാങ്ങുകയും 112 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(2) തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി.

(എ) 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭുമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് @ 4 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന ഘടകത്തിൽ വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ട 760 ഗുണഭോക്താക്കളിൽ 480 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി). 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്ന തിന് ധനസഹായമായി 10 ലക്ഷം രൂപ വീതം നൽകുന്ന ഘടകത്തിൽ 401 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 350 പേർ ഭവന നിർമ്മാണത്തിന്റെ പൂർത്തീകരണ ഘട്ടത്തിലുമാണ്.

(സി). തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബ ങ്ങളെ പുനരധിവസിപ്പിയ്ക്കുന്നതിനായി തിരുവനന്തപുരം കാരോട് വില്ലേജിൽ 105.55 ആർ സ്ഥലം ഫിഷറീസ് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഇവിടെ കെട്ടിട സമുച്ചയ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ഡി) മുട്ടത്തറ വില്ലേജിൽ വകുപ്പിന് കൈമാറി കിട്ടിയ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളികളെ പാർപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് സമുച്ചയം നിർമ്മിച്ച് 187 ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

2016-17, 2017-18 എന്നീ വർഷങ്ങളിലായി നടപ്പാക്കുന്ന പദ്ധതികൾ പ്രകാരം ആകെ 1798 പേർക്കാണ് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 1191 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 2016-17 മുതൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന വിവിധ ഭവന പദ്ധതികളിലൂടെ 5419 പേർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചു. അതിൽ 3706 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു.

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2018-19) ൽ ഉൾപ്പെടുത്തി 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി ആകെ 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 92 ഫ്ളാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നതുമായ 18850 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് 1398 കോടി രൂപ സി.എം.ഡി.ആർ.എഫ്-ൽ നിന്നും അനുവദിച്ചുകഴിഞ്ഞു. Rebuild Kerala Initiative-ന്റെ ഭാഗമായി നടപ്പാക്കുന്ന ഒരു ബൃഹദ്പദ്ധതിയാണിത്.

**സെക്ഷൻ ആഫീസർ**